'ഭരണഭാഷ -മാതൃഭാഷ'

7517
29/6/20

കേരള സർക്കാർ

<u>സംഗ്രഹം</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് - 04.10.2017- തീയ്യതിയിലെ സ.ഉ (കൈ) നം.261/2017/ഉ.വി.വ.നം സർക്കാർ ഉത്തരവ് പ്രകാരം രണ്ട് സർക്കാർ എയിഡഡ് പോളിടെക്നിക്ക് കോളേജുകളിൽ സൃഷ്ടിക്കപ്പെട്ട 3 തസ്തികകൾ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(കൈ)നം. 204 /2020 /ഉ.വി.വ തീയതി, തിരുവനന്തപുരം,06.06.2020**

പരാമർശം:- 1. 04.10.2017-ലെ സ.ഉ.(കൈ)നം.261/2017/ഉ.വി.വ. നം സർക്കാർ ഉത്തരവ്.
2.സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറുടെ 5/02/2018, 29/6/18,22/12/18, 27/04/2019 തീയ്യതികളിലെ L1/28352/16 ഡി.ടി.ഇ.നം കത്ത് .

**<u>ഉത്തരവ്</u>**

സർക്കാർ പോളിടെക്നിക്കുകളിലും എയിഡഡ് പോളിടെക്നിക്കുകളിലും 2017-18 സാമ്പത്തിക വർഷം പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം ഘട്ടമായി വിവിധ ബ്രാഞ്ചുകളിൽ ലക്ചറർ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ്, അഡ്ജങ്ക്ട് ഫാക്കൽറ്റി എന്നീ തസ്തികകൾ താഴെ പറഞ്ഞിരിക്കുന്ന വിധത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു.

| | സർക്കാർ പോളിടെക്നിക്ക് കോളേജ് | എയ്ഡഡ് പോളിടെക്നിക്ക് കോളേജ് | ആകെ |
|---|---|---|---|
| ലക്ചറർ | 82 | 9 | 91 |
| അഡ്ജങ്ക്ട് ഫാക്കൽറ്റി | 92 | 15 | 107 |
| ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ് | 1 | | 1 |
| ആകെ | 175 | 24 | 199 |

2) 2018-19 ലെ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ അധ്യാപക: വിദ്യാർത്ഥി അനുപാതം 2017-18 ൽ നിലനിന്നിരുന്ന 1 : 20 എന്ന അനുപാതത്തിൽ നിന്നും 1 : 25 ആക്കി പരിഷ്കരിച്ചു, ഈ പുതിയ മാനദണ്ഡ പ്രകാരം അനുപാതം പുതുക്കി നിശ്ചയിച്ചപ്പോൾ 2017-18 ൽ സൃഷ്ടിക്കപ്പെട്ട ചില തസ്തികകൾ അധികമാണെന്ന് കണ്ടെത്തുകയും അതനുസരിച്ച് പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ചുവടെ ചേർക്കുന്ന തസ്തികകൾ അധികമാണെന്ന് കണ്ടെത്തിയ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആയത് റദ്ദാക്കുന്നതിന് പരാമർശം (2) ലെ 5/02/2018 തീയ്യതിയിലെ കത്ത് പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

| കോളേജ് | റദ്ദാക്കേണ്ടുന്ന അധിക തസ്തികകൾ |
|---|---|
| പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1<br>ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് -1 |
| ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1 |

3) എന്നാൽ ,പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ സ്റ്റാഫ് പാറ്റേണിന്റെയും ഫാക്കൽറ്റി : വിദ്യാർത്ഥി അനുപാതത്തിന്റെയും അടിസ്ഥാനത്തിൽ പുന:പരിശോധിച്ചതിൽ പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ ഓരോ ബ്രാഞ്ചിലും 5 ലക്ചറർ 1 വകുപ്പ് മേധാവി എന്ന രീതിയിൽ നിജപ്പെടുത്തേണ്ടതുണ്ട് . ഇതിനു വിപരീതമായി പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ബ്രാഞ്ചിലും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലും 6 ലക്ചറർ നിലവിലുണ്ട് . ആയതിനാൽ പുതുക്കിയ അനുപാതത്തിൽ കണക്കാക്കുമ്പോൾ പരാമർശം (2)ലെ 05.02.2018-ലെ പ്രൊപ്പോസൽ പ്രകാരം റദ്ദാക്കുന്നതിന് ശിപാർശ ചെയ്തിരുന്ന പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജിലെ ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് തസ്തികയ്ക്ക് പകരം ലക്ചറർ ഇൻ കംപ്യൂട്ടർ എഞ്ചിനീയറിംഗ് തസ്തിക റദ്ദാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2)-ലെ 27.04.2019 -ലെ കത്ത് പ്രകാരം ശിപാർശ ചെയ്തു.

4)സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ, അധ്യാപക: വിദ്യാർത്ഥി അനുപാതം 1:25 ആയി പരിഷ്കരിച്ചതനുസരിച്ച് പുതുക്കിയ അനുപാതത്തിൽ കണക്കാക്കുമ്പോൾ സർക്കാർ ഉത്തരവ്

പ്രകാരം സൃഷ്ടിക്കപ്പെട്ട ഇപ്പോൾ അധികമാണെന്ന് കണ്ടെത്തിയ ചുവടെ ചേർക്കുന്ന തസ്തികകൾ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| കോളേജ് | റദ്ദാക്കേണ്ടുന്ന അധിക തസ്തികകൾ |
|---|---|
| പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1<br>ലക്ചറർ ഇൻ കംപ്യൂട്ടർ എഞ്ചിനീയറിംഗ് -1 |
| ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജ്
പ്രിൻസിപ്പൽ, ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജ്
പ്രിൻസിപ്പൽ, അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) ,കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, കോട്ടയം.
ധനകാര്യ വകുപ്പ് (05.03.2020 തീയതിയിലെ EDN-C2/257/2018-FIN നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-06-2020

ഫയൽ നം. എൽ3/68/2018/ഉവിവ. ഇനം നം: 402

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - 04.10.2017-ലെ സ (കൈ) നം. 261/2017/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ര സർക്കാർ എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിൽ സൃഷ്ടി പ്പെട്ട മൂന്ന് തസ്തികകൾ റദ്ദാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

3/6/2020

JS (Transfer)

**കേരള സർക്കാർ**
**ശ്രീ. പിണറായി വിജയൻ മന്ത്രിസഭ**
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എൽ3/68/2018/ഉവിവ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ് |
| 3 | വിഷയം | : | ഉന്നതവിദ്യാഭ്യാസം - സാങ്കേതികം - 04-10-2017 ലെ സ.ഉ.(കൈ) നം. 261/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രണ്ട് സർക്കാർ എയിഡഡ് പോളിടെക്നിക്ക് കോളേജുകളിൽ സൃഷ്ടിക്കപ്പെട്ട മൂന്ന് തസ്തികകൾ റദ്ദാക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 27.9.2019 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിൻറ് സെക്രട്ടറിയുടെ പേര് | : | തരുൺലാൽ എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ഉഷ ടൈറ്റസ് ഐ.എ.എസ്. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട്കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.03.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ടോം ജോസ് ഐ.എ.എസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട്കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.03.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട്കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 24.03.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.05.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

04-10-2017 ലെ സ.ഉ.(കൈ) നം. 261/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രണ്ട് സർക്കാർ എയിഡഡ് പോളിടെക്നിക്ക് കോളേജുകളിൽ സൃഷ്ടിക്കപ്പെട്ട മൂന്ന് തസ്തികകൾ റദ്ദാക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2) 04-10-2017 ലെ സ.ഉ.(കൈ) നം. 261/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒന്നാം ഘട്ടമായി 2017-18 സാമ്പത്തിക വർഷം സർക്കാർ പോളിടെക്നിക്കുകളിലും എയിഡഡ് പോളിടെക്നിക്കുകളിലും വിവിധ ബ്രാഞ്ചുകളിൽ ലക്ചറർ, ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ്, അഡ്ജങ്ക്ട് ഫാക്കൽറ്റി എന്നീ തസ്തികകൾ താഴെ പറഞ്ഞിരിക്കുന്ന വിധത്തിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നു.

| | സർക്കാർ പോളിടെക്നിക്ക് കോളേജ് | എയ്ഡഡ് പോളിടെക്നിക്ക് കോളേജ് | ആകെ |
|---|---|---|---|
| ലക്ചറർ | 82 | 9 | 91 |
| അഡ്ജങ്ക്ട് ഫാക്കൽറ്റി | 92 | 15 | 107 |
| ഹെഡ് ഓഫ് ഡിപ്പാർട്ട്മെൻറ് | 1 | | 1 |
| ആകെ | 175 | 24 | 199 |

3) 2018-19 ലെ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ അധ്യാപക: വിദ്യാർത്ഥി അനുപാതം 2017-18 ൽ നിലനിന്നിരുന്ന 1:20 എന്ന അനുപാതത്തിൽ നിന്നും 1:25 ആക്കി പരിഷ്കരിച്ചു. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ വിഷയം പുതുക്കിയ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയും എ ഐ സി റ്റി ഈ പുതിയ മാനദണ്ഡ പ്രകാരം അനുപാതം കണക്കാക്കുമ്പോൾ2017-18 ൽ സൃഷ്ടിക്കപ്പെട്ട ചില തസ്തികകൾ അധികമാണെന്ന് കണ്ടെത്തുകയുമുണ്ടായി.

4) അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ അധ്യാപക: വിദ്യാർത്ഥി അനുപാതം പരിഷ്കരിച്ചതനുസരിച്ച് പുതുക്കിയ അനുപാതമായ 1:25 അനുസരിച്ച് കണക്കാക്കുമ്പോൾ 04-10-2017 ലെ സ.ഉ.(കൈ) നം. 261/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ചുവടെ ചേർക്കുന്ന തസ്തികകൾ അധികമാണെന്ന് കണ്ടെത്തി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആയത് റദ്ദാക്കുന്നതിന് ശിപാർശ ചെയ്യുകയുണ്ടായി:

| കോളേജ് | റദ്ദാക്കേണ്ടുന്ന അധിക തസ്തികകൾ |
|---|---|
| പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1<br>ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് -1 |
| ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1 |

5) മേൽ വിഷയം ധനകാര്യവകുപ്പുമായി കൂടിയാലോചിച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്:

04-10-2017-ലെ സ.ഉ (കൈ) നം.261/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരം സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഘട്ടംഘട്ടമായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ പന്തളം എൻഎസ്.എസ്. പോളിടെക്നിക് കോളേജിലെ ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളിലെ ഓരോ തസ്തികകളും ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജിലെ ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗിലെ ഒരു തസ്തികയും അധികമാണെന്നു കണ്ടെത്തിയതിനെത്തുടർന്ന് ടി 3 തസ്തികകൾ abolish ചെയ്യുന്നതു സംബന്ധിച്ച് ഭരണ വകുപ്പിനു തന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് അറിയിക്കുന്നു

6) പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ സ്റ്റാഫ് പാറ്റേണിൻെറയും ഫാക്കൽറ്റി : വിദ്യാർത്ഥി അനുപാതത്തിൻെറയും അടിസ്ഥാനത്തിൽ പുനഃപരിശോധിച്ചതിൽ പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ ഓരോ ബ്രാഞ്ചിലും 5 ലക്ചറർ 1 വകുപ്പ് മേധാവി എന്ന രീതിയിൽ നിജപ്പെടുത്തേണ്ടതുണ്ട്. ഇതിനു വിപരീതമായി പന്തളം എൻ.എസ്.എസ്. പോളിടെക്നിക്കിലെ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ബ്രാഞ്ചിലും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലും 6 ലക്ചറർ നിലവിലുണ്ട്. ആയതിനാൽ പുതുക്കിയ അനുപാതത്തിൽ കണക്കാക്കുമ്പോൾ നേരത്തെ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പ്രകാരം റദ്ദാക്കുന്നതിന് ശിപാർശ ചെയ്തിരുന്ന പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജിലെ ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് തസ്തിക റദ്ദാക്കുന്നതിന് പകരം ലക്ചറർ ഇൻ കംപ്യൂട്ടർ എഞ്ചിനീയറിംഗ് തസ്തിക റദ്ദാക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തു.

7) മേൽ വിഷയം ധനകാര്യവകുപ്പുമായി വീണ്ടും കൂടിയാലോചിച്ചപ്പോൾ 24.06.2019 -ൽ അനൗദ്യോഗിക കുറിപ്പ് മുഖേന ധനകാര്യ വകുപ്പ് 15.06.2019 തീയതിയിൽ നൽകിയ അഭിപ്രായത്തിൻെറ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ അറിയിച്ചു

8) എന്നാൽ ധനകാര്യ വകുപ്പ് ആദ്യം നല്കിയ റിമാർക്സിൽ പന്തളം എൻഎസ്.എസ്. പോളിടെക്നിക് കോളേജിലെ ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് , ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് തസ്തിക റദ്ദ് ചെയ്യുന്നതിനുള്ള അനുമതിയാണ് നൽകിയിരുന്നത്. എന്നാൽ പുതുക്കിയ അനുപാതത്തിൽ കണക്കാക്കുമ്പോൾ നേരത്തെ സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പ്രകാരം റദ്ദാക്കുന്നതിന് ശിപാർശ ചെയ്തിരുന്ന പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജിലെ ലക്ചറർ ഇൻ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗിനു പകരം ലക്ചറർ ഇൻ ഇലക്ട്രോണിക്സ് തസ്തിക റദ്ദാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് വ്യക്തമായ ശുപാർശ

ലഭ്യമാക്കാത്തതിനാൽ ഒരിക്കൽ കൂടി ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ചപ്പോൾ പ്രസ്തുത വകുപ്പ് താഴെപറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

"പന്തളം എൻ.എസ്.എസ്. പോളിടെക്നിക്ക് കോളേജിലെ ലക്ചറർ ഇൻ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒരു തസ്തികയും ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒരു തസ്തികയും abolish ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുന്നു"

9) ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ അധ്യാപക: വിദ്യാർത്ഥി അനുപാതം 1:25 ആയി പരിഷ്കരിച്ചതനുസരിച്ച് പുതുക്കിയ അനുപാതത്തിൽ കണക്കാക്കുമ്പോൾ 04-10-2017 തീയതിയിലെ സ.ഉ. (കൈ) നം. 261/2017/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഇപ്പോൾ അധികമാണെന്ന് കണ്ടെത്തിയ ചുവടെ ചേർക്കുന്ന തസ്തികകൾ റദ്ദാക്കാമോ?

| കോളേജ് | റദ്ദാക്കേണ്ടുന്ന അധിക തസ്തികകൾ |
|---|---|
| പന്തളം എൻ.എസ്.എസ്. പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1<br>ലക്ചറർ ഇൻ കംപ്യൂട്ടർ എഞ്ചിനീയറിംഗ് -1 |
| ആലപ്പുഴ കാർമൽ പോളിടെക്നിക് കോളേജ് | ലക്ചറർ ഇൻ മെക്കാനിക്കൽ എഞ്ചിനീയറിംഗ് -1 |